# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 172 — 22-01-2014- ൽ മറുപടിക്ക്

## തുറമുഖ നിർമ്മാണ ടെൻഡറുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.രാജു :<br>" സി.ദിവാകരൻ :<br>" പി.തിലോത്തമൻ :<br>" കെ.അജിത് : | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) ഏതെല്ലാം തുറമുഖങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് ടെൻഡറുകൾ വിളിച്ചിട്ടുണ്ട് ; അവ ഏതെല്ലാം; | (എ) വിഴിഞ്ഞം അന്താരാഷ്ട്ര വിവിധോദ്ദേശ്യ തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട് പദ്ധതിയുടെ ബ്രേക്ക് വാട്ടർ നിർമ്മാണം, ഫിഷ് ലാന്റിംഗ് സെന്റർ, കോസ്റ്റ്ഗാർഡ്, ഇൻഡ്യൻ നേവിയ്ക്കുവേണ്ടിയുള്ള ബെർത്തുകളുടെ നിർമ്മാണം എന്നിവയ്ക്കായുള്ള Engineering Procurement Construction (EPC) നും പദ്ധതിയ്ക്ക് ആവശ്യമായ ഡ്രെഡ്ജിങ്ങ്, റിക്ലമേഷൻ, ബെർത്ത്, സൂപ്പർ സ്ട്രക്ചർ ആന്റ് എക്വിപ്മെന്റ്, തുറമുഖ നടത്തിപ്പ് എന്നിവയ്ക്കായുള്ള സ്വകാര്യ പങ്കാളിയെ കണ്ടെത്തുന്നതിനുള്ള Public Private Partnership (PPP) നും വേണ്ടിയുള്ള ആഗോള ടെണ്ടറുകളുടെ Request for Qualification (RFQ) വിളിച്ചിട്ടുണ്ട്. കൂടാതെ കൊല്ലം, അഴീക്കൽ, പൊന്നാനി, ബേപ്പൂർ എന്നീ തുറമുഖങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ടും ടെൻഡറുകൾ വിളിച്ചിട്ടുണ്ട്. |
| (ബി) ഏതെങ്കിലും തുറമുഖങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് കബോട്ടാഷ് നിയമത്തിൽ ഇളവുകൾ ലഭിക്കേണ്ടതായിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം തുറമുഖങ്ങൾക്ക് എന്തെല്ലാം ഇളവുകൾ നേടിയെടുക്കേണ്ടതായിട്ടുണ്ടെന്നും അതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ? | (ബി) തുറമുഖങ്ങളുടെ ലാഭകരമായ പ്രവർത്തനവുമായി ബന്ധപ്പെട്ട് കബോട്ടാഷ് നിയമത്തിൽ ഇളവുകൾ ലഭിക്കേണ്ടതുണ്ട്. വിഴിഞ്ഞം, ബേപ്പൂർ, കൊല്ലം എന്നീ തുറമുഖങ്ങൾക്ക് കബോട്ടാഷ് നിയമത്തിൽ ഇളവു ലഭിക്കുന്നതിനായി സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ